"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - WP(C) No. 15186/2024 അന്യായത്തിന്മേൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച 11.04.2024 തീയതിയിലെ വിധിന്യായം - ശ്രീ.രാജേഷ് കെ.പി. സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.267/2024/F&CS തീയതി,തിരുവനന്തപുരം, 23-08-2024

---

പരാമർശം:-

1. കോഴിക്കോട് ജില്ലാ സപ്ലൈ ഓഫീസറുടെ 27.04.2023 തീയതിയിലെ DSO KKD/212/2023/CS2 നമ്പർ നടപടിക്രമം.
2. കോഴിക്കോട് ജില്ലാ കളക്ടറുടെ 18.01.2024 തീയതിയിലെ DSO KKD 272/2023/CS2 നമ്പർ നടപടിക്രമം.
3. ശ്രീ.രാജേഷ് കെ.പി. സർക്കാരിൽ സമർപ്പിച്ച 20.03.2024 തീയതിയിലെ റിവിഷൻ ഹർജി.
4. WP(C) No. 15186/2024 ന്മേൽ ബഹു.കേരള ഹൈക്കോടതി 11.04.2024 ൽ പുറപ്പെടുവിച്ച വിധിന്യായം.
5. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 28.05.2024 തീയതിയിലെ CCS/2706/2024-A8 നമ്പർ നടപടിക്രമം

**ഉത്തരവ്**

കോഴിക്കോട് ജില്ല വടകര താലൂക്ക്, 30-ാം നമ്പർ ന്യായവിലകട യുടെ സ്ഥിരം ലൈസൻസി നിയമനത്തിനായി ശ്രീ.രാജേഷ് കെ.പി. സമർപ്പിച്ച അപേക്ഷയും, അപ്പീൽ അപേക്ഷയും യഥാക്രമം കോഴിക്കോട് ജില്ലാ സപ്ലൈ ഓഫീസറും, കോഴിക്കോട് ജില്ലാ കളക്ടറും നിരസിച്ചതിനെതുടർന്ന് ടിയാൻ പരാമർശം (3) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി.

2. കോഴിക്കോട് ജില്ലയിലെ വടകര താലൂക്ക് പരിധിയിലെ എഫ്.പി.എസ്. നം. 30 ന്റെ സ്ഥിരം ലൈസൻസി നിയമനത്തിനായി ജില്ലാ സപ്ലൈ ഓഫീസർ 16.05.2022 തീയതിയായി വിജ്ഞാപനം ക്ഷണിച്ചിരുന്നു. എന്നാൽ പ്രസ്തുത വിജ്ഞാപനം റദ്ദ് ചെയ്യണമെന്നും സെയിൽസ്മാനായി പ്രവർത്തിക്കുന്ന തന്നെ പ്രസ്തുത കടയുടെ സ്ഥിരം ലൈസൻസിയായി നിയമിക്കണം എന്നും അപേക്ഷിച്ച് ശ്രീ രാജേഷ് ബഹു. കേരള ഹൈക്കോടതിയിൽ WP(C) No.19379/2022 ആയി റിട്ട് പെറ്റീഷൻ ഫയൽ

ചെയ്യുകയുണ്ടായി. ഹൈക്കോടതിയുടെ ഉത്തരവ് കൈപ്പറ്റി രണ്ട് ആഴ്ച സമയപരിധിയിൽ എല്ലാ രേഖകളും സഹിതം പ്രസ്തുത കടയുടെ സ്ഥിരം ലൈസൻസി നിയമനത്തിനായി അപേക്ഷ സമർപ്പിക്കാൻ ശ്രീ. രാജേഷിനോട് നിർദ്ദേശിച്ചുകൊണ്ട് പ്രസ്തുത റിട്ട് പെറ്റീഷനിൽ ബഹുമാനപ്പെട്ട കോടതി വിധി പുറപ്പെടുവിച്ചു. ആയത്പ്രകാരം ശ്രീ.രാജേഷ്.കെ പി പ്രസ്തുത കടയുടെ ലൈസൻസി നിയമനത്തിന് അപേക്ഷ സമർപ്പിക്കുകയും ആയത് ജില്ലാ സപ്ലൈ ഓഫീസർ വിശദമായി പരിശോധിക്കുകയും ചെയ്തു. കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ കൺട്രോൾ ഓർഡർ 2021 ഉത്തരവിലെ ഖണ്ഡിക 37(5) പ്രകാരം നിയമനം ലഭിക്കാൻ അർഹത ഇല്ലാത്തതിനാൽ ടിയാന്റെ അപേക്ഷ നിരസിച്ച ജില്ലാ സപ്ലൈ ഓഫീസർ പരാമർശം (1) പ്രകാരം ഉത്തരവായി. ഇതിനെതിരെ ശ്രീ രാജേഷ്.കെ പി ബഹു. ജില്ലാ കളക്ടർക്ക് അപ്പീൽ സമർപ്പിച്ചെങ്കിലും മേൽ സൂചിപ്പിച്ച കാരണത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറും പ്രസ്തുത അപേക്ഷ നിരസിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയാണുണ്ടായത്.

3. പരാമർശം (1),(2) നടപടിക്രമങ്ങൾക്കെതിരെ ശ്രീ.രാജേഷ് കെ.പി. പരാമർശം (3) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയും, സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി Ext.P4 ആയി ചേർത്ത് ബഹു.കേരള ഹൈക്കോടതിയിൽ WP(C) No.15186/2024 ആയി അന്യായം ഫയൽ ചെയ്യുകയുമുണ്ടായി.

4. ബഹു.കേരള ഹൈക്കോടതിയുടെ പരാമർശം (4)-ലെ വിധിന്യായവും, ടിയാൻ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജിയും പരിഗണിച്ച് സർക്കാർ ഹർജിക്കാരനായ ശ്രീ. രാജേഷ്. കെ.പി യെ 19.06.2024 ന് നേരിൽ കേൾക്കുകയുണ്ടായി. താൻ FPS 30 ൽ 17 വർഷമായി ജോലി നോക്കുന്നുവെന്നും കുന്നുമ്മക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ കീഴിലായിരുന്ന FPS 30-ന്റെ നടത്തിപ്പിലെ അപാകതമൂലം സസ്പെന്റ് ചെയ്ത് FPS 32 നോട് കൂട്ടിച്ചേർത്തുവെന്നും തുടർന്ന് ടി കട നടത്തിക്കൊണ്ട് പോകാൻ ബാങ്കിന് താല്പര്യമില്ല എന്ന് വടകര സപ്ലൈ ഓഫീസറെ അറിയിച്ചതിനെത്തുടർന്ന് പല പ്രാവശ്യം വിജ്ഞാപനം നൽകിയിട്ടും യോഗ്യരായ ആളെക്കിട്ടിയിട്ടില്ല എന്നും, തനിക്ക് 47 വയസ്സായിയെന്നും ബിരുദധാരിയാണെന്നും മറ്റ് ജോലിക്ക് പോകാനുള്ള അവസരമില്ലെന്നും അതുകൊണ്ട് FPS 30 ന്റെ ലൈസൻസ് തന്റെ പേരിൽ അനുവദിക്കണമെന്ന് ശ്രീ. രാജേഷ് കെ.പി. ആവശ്യപ്പെട്ടു. കഴിഞ്ഞ 17 വർഷമായി അഡീഷണൽ ചാർജായതിനാൽ ലൈസൻസിയുടെ അഭാവത്തിൽ റേഷൻ കടയുടെ പ്രവർത്തനം താനാണ് നടത്തികൊണ്ട് പോകുന്നതെന്നും ടിയാൻ വാദിച്ചു.

5. ശ്രീ.രാജേഷ് കെ.പി. സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി , ടിയാന്റെ ലൈസൻസിനുള്ള അപേക്ഷ നിരസിച്ച ജില്ലാ സപ്ലൈ ഓഫീസറുടെയും ജില്ലാ കളക്ടറുടെയും ഉത്തരവുകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിന്യായം, ഇതുസംബന്ധിച്ച് പൊതുവിതരണ ഉപഭോക്തൃകാര്യകമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ട്, ഹിയറിങ്ങ് വേളയിൽ ഹർജിക്കാരൻ ഉയർത്തിയ വാദഗതി എന്നിവ സർക്കാർ വിശദമായി പരിശോധിച്ചു.

6. കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021, ഖണ്ഡിക 37-ൽ നോമിനേഷനിലൂടെ ലൈസൻസ് നൽകുന്നതോ അല്ലെങ്കിൽ ആശ്രിത നിയമനത്തിലൂടെ ലൈസൻസ് നൽകുന്നതോ അല്ലെങ്കിൽ സെയിൽസ്മാന് റേഷൻകടയുടെ

ലൈസൻസ് നൽകുന്നതോ സംബന്ധിച്ച് വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. എന്നാൽ കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 നിലവിൽ വന്ന 18.02.2021 ന് കേരള റേഷനിംഗ് ഓർഡർ 1966 പ്രകാരം നിലവിലുള്ള ലൈസൻസികൾക്ക് മാത്രമേ കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 ലെ ഖണ്ഡിക 37 (1) മുതൽ (6) വരെയുള്ള ഉപഖണ്ഡികകൾ ബാധകമാകുകയുള്ളൂ. 18.02.2021 നോ അതിന് മുമ്പോ റദ്ദ് ചെയ്ത് അറ്റാച്ച് ചെയ്ത ന്യായവിലകടകളിലെ സെയിൽസ്മാൻ/സെയിൽസ് വുമൺ ന് 10 വർഷത്തിൽ കൂടുതൽ പ്രവർത്തി പരിചയം ഉണ്ടെങ്കിൽ കൂടിയും കേരള ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സംവിധാനം (നിയന്ത്രണ) ഉത്തരവ് 2021 ഖണ്ഡിക 37(5) പ്രകാരം നിയമനം ലഭിക്കാൻ അർഹത ഇല്ല. വടകര താലൂക്കിലെ റേഷൻ കട നമ്പർ 30 കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ കൺട്രോൾ ഓർഡർ 2021 പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് മറ്റൊരു കടയിൽ അറ്റാച്ച് ചെയ്തു പ്രവർത്തിക്കുകയാണ്. നിയമപരമായി പരിഗണിക്കാൻ കഴിയാത്തതിനാലാണ് ടിയാന്റെ അപേക്ഷ ജില്ലാ സപ്ലൈ ഓഫീസറും ജില്ലാ കളക്ടറും നിരസിച്ചിട്ടുള്ളത്. ആയതിനാൽ കോഴിക്കോട് ജില്ലാ സപ്ലൈ ഓഫിസറുടെയും, കോഴിക്കോട് ജില്ലാ കളക്ടറുടെയും നടപടിക്രമങ്ങളിൽ ഇടപെടേണ്ട സാഹചര്യം നിലവിലില്ല.

6.മേൽ വിവരിച്ച കാരണങ്ങളാൽ ശ്രീ.രാജേഷ് കെ.പി. പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ചുകൊണ്ടും, WP(C) No. 15186/2024 മേൽ ബഹു.കേരള ഹൈക്കോടതി 11.04.2024 ൽ പുറപ്പെടുവിച്ച വിധിന്യായം ഇപ്രകാരം നടപ്പാക്കികൊണ്ടും ഇതിനാൽ ഉത്തരാവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJENDRAN CHETTIYAR K
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ രാജേഷ് കെ.പി., പുതിയാട്ടിൽ, നെല്ലാച്ചേരി, കുന്നുമ്മക്കര, വടകര -673308
2. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ,തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, കോഴിക്കോട്.
4. ജില്ലാ സപ്ലൈ ഓഫിസർ, കോഴിക്കോട് .
5. താലൂക്ക് സപ്ലൈ ഓഫിസർ, വടകര .
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
   (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
7. കരുതൽ ഫയൽ (FCSD-B2/73/2024-FCSD)

ഉത്തരവിൻ പ്രകാരം
Signed by
Sneha S Nair
Date: 23-08-2024 17:19:37
സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ഭക്ഷ്യ പൊതുവിതരണ സെക്രട്ടറിയുടെ പി. എ.യ്ക്ക്

ഭക്ഷ്യ പൊതുവിതരണ ജോയിന്റ് സെക്രട്ടറിയുടെ സി എ യ്ക്ക്
ഭക്ഷ്യ പൊതുവിതരണ ഡെപ്യൂട്ടി സെക്രട്ടറിക്ക്